# കൊഴിഞ്ഞാലും അകലാത്ത പൂമണം

## ജമീൽ അഹ്മദ് സാഹിബിനെ ഓർക്കുന്നു



**ഇസ്‌ലാമിക** പ്രവർത്തനത്തിന്റെ മുന്നണിയിൽനിന്ന് ഒരാൾ ഇല്ലാതായിപ്പോകുമ്പോൾ ആ ഒഴിവ് പെട്ടെന്ന് നികത്തപ്പെടില്ല. മുത്തു റസൂലിനു ശേഷമുള്ള ഇസ്‌ലാമിന്റെ ഓരോ തലമുറയും അടുത്ത തലമുറയെ ഇങ്ങനെ റസൂലുമായി അവർക്കുള്ള, തങ്ങൾ ബാക്കിയാക്കിപ്പോകുന്ന അകലത്തെ ഭയത്തോടെ ഓർമിപ്പിക്കുന്നു. പ്രമുഖ എഴുത്തുകാരനും പണ്ഡിതനും പ്രബോധകനുമായ മൗലാനാ എം.എ ജമീൽ അഹ്മദ് സാഹിബിന്റെ വിയോഗം ഇസ്‌ലാമിന്റെ ആധുനിക അതിജീവനത്തിനുള്ള വിടവുകളെ ഇങ്ങനെ ഓർമിപ്പിക്കുന്നുണ്ട്. തമിഴ്നാട് ജമാഅത്തെ ഇസ്‌ലാമിയുടെ മുതിർന്ന നേതാക്കളിലും ചെന്നൈ ഇസ്‌ലാമിക് ഫൗണ്ടേഷൻ ട്രസ്റ്റ് സ്ഥാപകനേതാക്കളിലും ഒരാളായിരുന്നു അദ്ദേഹം. മദിരാശി ആസ്ഥാനമാക്കി അമ്പതു വർഷത്തോളം വിശ്രമമില്ലാതെ തുടർന്ന ആ പാണ്ഡിത്യ പ്രസരണം അവസാനിച്ചത് കഴിഞ്ഞ എട്ടാം തീയതി വൈകുന്നേരം വാണിയമ്പാടിയിലെ വീട്ടിൽ വെച്ചായിരുന്നു, എൺപതാം വയസ്സിൽ.

ഔപചാരികമായി എട്ടാം തരം വരെ മാത്രം പഠിച്ച ഒരാൾ ഉർദു, തമിഴ് ഭാഷകളിൽ പാണ്ഡിത്യം നേടുകയും ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തത് സ്വയം വളർത്തിയെടുത്ത താൽപര്യവും പരിശ്രമവും കൊണ്ടായിരുന്നു. 1960- കളിൽ പ്രസ്ഥാനത്തെ പരിചയപ്പെട്ട അദ്ദേഹം മരണം വരെ അതിന്റെ തണലിൽ സ്വന്തം ഇസ്‌ലാമികാവിഷ്കാരങ്ങൾ നിർവഹിച്ചുകൊണ്ടിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തെ മാറ്റിനിർത്തി സ്വന്തം ജീവിതത്തെ കുറിക്കാനാവാത്ത വ്യക്തിയായിരുന്നു അദ്ദേഹം. ഉണർവിലും ഉറക്കത്തിലും മൗനത്തിലും മിണ്ടലിലും ഇസ്‌ലാമിനെയും സംഘടനയെയും സ്വന്തത്തിൽ വെളിപ്പെടുത്താൻ ഉത്സാഹിച്ച ജമീൽ അഹ്മദ് സാഹിബ് കോടീശ്വരന്റെ മകനായാണ് ജനിച്ചത്, സാധാരണക്കാരനായാണ് മരിച്ചത്. ഇസ്‌ലാമിന്റെ നടത്തിപ്പിനും പ്രചാരണത്തിനുമായി അദ്ദേഹം ചെലവിട്ട ധനവും അധ്വാനവും പിതാവിന്റെ ഏക മകനെന്ന നിലക്ക് പാരമ്പര്യമായി ലഭിച്ച കച്ചവടത്തെ അഭിവൃദ്ധിപ്പെടുത്താൻ ചെലവഴിച്ചിരുന്നുവെങ്കിൽ പുതിയ കച്ചവടക്കണക്കുകൾ പ്രകാരം മറ്റൊരു കോടീശ്വരനെയായിരുന്നു ചെന്നൈ നഗരത്തിന് ലഭിക്കുമായിരുന്നത്.

വർഷങ്ങളോളം ജമാഅത്തെ ഇസ്‌ലാമി ചെന്നൈ അമീറായും സംസ്ഥാന സെക്രട്ടറിയായും പ്രസ്ഥാനത്തെ നയിച്ച അദ്ദേഹത്തിന്റെ തീക്ഷ്ണമായ ചിന്തയും ദീർഘവീക്ഷണവും സംഘടനയുടെ വളർച്ചക്ക് കരുത്തും കാഴ്ചപ്പാടും നൽകി. 1972 മുതൽ 2003-ൽ രോഗത്തോട് കീഴടങ്ങി ശയ്യാവലംബിയാകുന്നതുവരെ സംസ്ഥാന കൂടിയാലോചനാ സമിതിയിൽ അംഗമായിരുന്നു അദ്ദേഹം. ഏതാനും കാലം കേന്ദ്ര ശൂറയിലും മജ്‌ലിസ് നുമാഇന്ദഗാനിലും അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്.

സ്വന്തം ആദർശവും വിശ്വാസവും പുതിയ തലമുറയിലേക്ക് കൈമാറുന്നതിലും അവരിൽ കഴിവും കാര്യപ്രാപ്തിയുമുള്ളവരെ നേതാവാക്കി മാറ്റുന്നതിലും ജമീൽ അഹ്മദ് സാഹിബ് സദാ ശ്രദ്ധിച്ചു. ഇന്ത്യയൊട്ടുക്കുമുള്ള ശിഷ്യന്മാരിൽ പ്രമുഖനായ, തമിഴ്നാട് മുൻ അമീർ അബ്ദുർറഖീബ് സാഹിബ് അനുസ്മരിക്കുന്നതും അദ്ദേഹത്തിന്റെ കഠിനാധ്വാനമാണ്. രാത്രി വൈകുംവരെ, തമിഴ്നാട്ടിലെ വിവിധ തുറയിലുള്ളവർക്ക് ഇസ്‌ലാമിനെക്കുറിച്ച് കത്തെഴുതിക്കൊണ്ടിരിക്കുന്ന അദ്ദേഹത്തോട് അൽപനേരം വിശ്രമിക്കാനാവശ്യപ്പെട്ടപ്പോൾ ഈ ലോകം വിശ്രമിക്കാനുള്ളതല്ല, വിശ്രമസ്ഥലം സ്വർഗമാണെന്നായിരുന്നു മറുപടി. ‘ഒന്നുകിൽ ഞങ്ങളെ നയിക്കൂ, ഞങ്ങളോടൊപ്പം ചേരൂ, അല്ലെങ്കിൽ വഴിമാറിത്തരൂ’ എന്ന വാക്യം താൻ താമസിക്കുന്ന മുറിയുടെ ചുമരിൽ അദ്ദേഹം എഴുതിവെച്ചിരുന്നത് മറ്റൊരു ശിഷ്യനായ അസീസ് ലുത്വുഫുല്ലാഹി അനുസ്മരിക്കുന്നു. ഭാഷയിലും സാഹിത്യത്തിലും അറിവും കഴിവും ഉണ്ടായിരുന്ന ജമീൽ അഹ്മദ് സാഹിബ് പ്രസംഗം കൊണ്ടല്ല, ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന സൗമ്യമായ വാക്കുകളാലാണ് കേൾവിക്കാരെയും വായനക്കാരെയും കീഴ്പ്പെടുത്തിയത്.

അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ‘തർജുമയെ ഖുർആൻ’ പരിഭാഷ ‘തിരുക്കുർആൻ’, തമിഴ് വിവർത്തന സാഹിത്യത്തിൽതന്നെ രേഖപ്പെടുത്തപ്പെട്ട ഒന്നായി മാറുന്നതിലും ഈ അറിവും ആലോചനയും പ്രവർത്തിച്ചിട്ടുണ്ട്. ഇസ്‌ലാമിക് ഫൗണ്ടേഷൻ ട്രസ്റ്റിന്റെ പ്രസിദ്ധീകരണവിഭാഗം പുറത്തിറക്കിയ നൂറ്റി അമ്പതിലധികം പുസ്തകങ്ങളുടെ പിന്നിൽ പ്രവർത്തിച്ചതും അദ്ദേഹത്തിന്റെ ആലോചനയും താൽപര്യവുമാണ്. തമിഴിൽ

അദ്ദേഹമെഴുതിയ 'അഴൈപ്പുപ്പണി ഏൻ? എപ്പടി?' എന്ന പുസ്തകം 'പ്രബോധകന്റെ പാഥേയം' എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആദ്യം ഉർദുവിലും പിന്നീട് തമിഴിലും രചിച്ച 'മനിതനേ ഉൻ വിലൈ എന്ന?' എന്ന പുസ്തകം ഒട്ടേറെ ഇന്ത്യൻ ഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. ജമാഅത്തിന്റെ തമിഴ് മുഖപത്രമായ *സമരസം* ദ്വൈവാരികക്ക് അദ്ദേഹമെഴുതിയ നൂറുകണക്കിന് മുഖപ്രസംഗങ്ങളും ശ്രദ്ധേയമാണ്. *സമരസ*ത്തിന്റെ കെട്ടും മട്ടും നിർണയിക്കുന്നതിലും അദ്ദേഹത്തിന് പങ്കുണ്ടായിരുന്നു. ഇസ്‌ലാമിക സാഹിത്യത്തിന്റെ വിവിധ മേഖലകളിലുള്ള ഇത്തരം സംഭാവനകളുടെ പേരിലാണ് 2000-ൽ മുസ്‌ലിം ലീഗ് തമിഴ്നാട് ഘടകത്തിന്റെ 'സമൂഹ നല്ലിനക്ക' പുരസ്കാരം ജമീൽ അഹ്മദ് സാഹിബിന് ലഭിച്ചത്.

ജമാഅത്തെ ഇസ്‌ലാമി ജമീൽ അഹ്മദ് സാഹിബിന് വീടും വേരുമായിരുന്നു. നേതാക്കൾക്കിടയിലെ വിനീതനായ അനുയായിയാണ് അദ്ദേഹം അറിയപ്പെട്ടത്. വ്യക്തികൾ പുലർത്തേണ്ട തർബിയത്ത് നിർദേശങ്ങൾ നൂറു ശതമാനവും സ്വന്തം ജീവിതത്തിൽ പകർത്തി അദ്ദേഹം മാതൃക കാണിച്ചു. അടിയന്തരാവസ്ഥക്കാലത്ത് മിസാ നിയമപ്രകാരം അറസ്റ്റുചെയ്യപ്പെടുകയും സെൻട്രൽ ജയിലിൽ തടവിലാക്കപ്പെടുകയും ചെയ്തു. തടവുകാലത്ത് ഒട്ടേറെ രാഷ്ട്രീയ നേതാക്കളുമായും സാംസ്കാരിക നായകരുമായും പുലർത്തിയ സാഹോദര്യപൂർണമായ ചങ്ങാത്തം ഇസ്‌ലാമിന്റെ പ്രചാരണത്തിനും സംഘടനയുടെ സന്ദേശ കൈമാറ്റത്തിനുമായാണ് അദ്ദേഹം ചെലവഴിച്ചത്. അക്കാലത്ത് ജയിലിൽ അദ്ദേഹത്തിന്റെ സഹതടവുകാരനായ, *മുരശൊലി* പത്രത്തിന്റെ സഹപത്രാധിപരും ഡി.എം.കെ വക്താവുമായിരുന്ന അടിയാർ പിന്നീട് അബ്ദുല്ലാ അടിയാറായി മാറി. അദ്ദേഹത്തിന്റെ 'നാൻ കാതലിക്കും ഇസ്‌ലാം' എന്ന പുസ്തകത്തിന് ജമീൽ അഹ്മദ് സാഹിബ് നൽകിയ ഉർദു മൊഴിമാറ്റം പുഷ്തു അടക്കമുള്ള ലോകഭാഷകളിൽ വിവർത്തനം ചെയ്യപ്പെടുകയുണ്ടായി.

ഒരു നല്ല മുസ്‌ലിം ഒരു നല്ല പൂവിനെപ്പോലെ സൗന്ദര്യവും സുഗന്ധവും ആർക്കും കൊടുത്തുകൊണ്ടേയിരിക്കും. ആ സൗഗന്ധികത്തിന്റെ ആകർഷണത്തിൽപെട്ട ഒരാൾക്കും അതിന്റെ വലയത്തിൽനിന്ന് രക്ഷപ്പെടാനാവില്ല. ചില പൂവുകൾ കൊഴിഞ്ഞാലും അതിന്റെ സുഗന്ധം ബാക്കിനിൽക്കും. ആ സുഗന്ധത്തെ അനുഭവിക്കുമ്പോൾ നാം മുസ്‌ലിമിന്റെ ശരിയായ അർഥത്തെയും അത് ഇല്ലാതാകുന്നതിന്റെ വേദനയെയും തിരിച്ചറിയുന്നു. ഇതുതന്നെയാണ് എല്ലാ വേദനകൾക്കുമപ്പുറത്ത് ജമീൽ അഹ്മദ് സാഹിബിന്റെയും വിയോഗം ഓർമിപ്പിക്കുന്നത്. ■

**ജമീൽ അഹ്മദ്**

എൻ. കെ ഹൗസ്, മലപ്പുറം - 676 505